# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 936 — 29.09.2016 -ൽ മറുപടിക്ക്

### തീരസുരക്ഷ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ബി.സത്യൻ<br>ശ്രീ.എം.മുകേഷ്<br>ശ്രീ.എം.നൗഷാദ്<br>ശ്രീ.വി.ജോയി | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കേന്ദ്ര സർക്കാരിന്റെ നിർദ്ദേശത്തെ തുടർന്ന് തീരസുരക്ഷയുടെ ഭാഗമായി സംസ്ഥാനത്തെ മത്സ്യബന്ധന ബോട്ടുകൾക്ക് പ്രത്യേക നിറം മാറ്റം ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | കോസ്റ്റ് ഗാർഡിന്റെ അഭ്യർത്ഥന പ്രകാരം തീരസുരക്ഷയുമായി ബന്ധപ്പെട്ട് 16.02.2015 ലെ സ.ഉ.(സാധാ) 107/15/മ.തു.വ. നം. ഉത്തരവ് പ്രകാരം കേരളാ തീരത്ത് പ്രവർത്തിക്കുന്നതും ഫിഷറീസ് വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ മത്സ്യബന്ധന ബോട്ടുകൾക്ക് വീൽഹൗസിന് ഓറഞ്ച് നിറവും, ഹള്ളിന് ഡാർക്ക് ബ്ലൂ നിറവും നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള ഫിഷിങ് ബോട്ടുകളുടെ എണ്ണം എത്രയാണെന്നും അതിൽ എത്ര എണ്ണം ഇതിനകം നിറം മാറ്റിയിട്ടുണ്ടെന്നും വിശദമാക്കുമോ; | (ബി) | ഫിഷറീസ് വകുപ്പിൽ രജിസ്ട്രേഷനുള്ള 3994 മത്സ്യബന്ധന ബോട്ടുകളിൽ 2134 ബോട്ടുകൾക്ക് കളർ കോഡിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | ബോട്ടുകളുടെ നിറം മാറ്റുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ എന്തെങ്കിലും ധനസഹായം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ? | (സി) | ബോട്ടുകളുടെ നിറം മാറ്റുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ ധനസഹായം ഒന്നും തന്നെ നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ